ഉത്തരം

(എ) 1986 ഒക്ടോബർ മാസം അവസാനംവരെ ലംപ്സംഗ്രാന്റ് നൽകുന്നതിനായി 127 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) 1983-84 വർഷത്തിൽ ഫിഷറീസ് സ്കോളർഷിപ്പാണ് നൽകിയിരുന്നത്. 1984-85 വർഷം മുതൽക്കാണ് ലംപ്സംഗ്രാന്റ് നൽകിത്തുടങ്ങിയത്. 1984-85-ൽ 65977 കുട്ടികൾക്ക് 43.31 ലക്ഷം രൂപയും 1985-86-ൽ 1,28,657 കുട്ടികൾക്ക് 70 ലക്ഷം രൂപയും 1986 ഒക്ടോബർ മാസംവരെ 13110 കുട്ടികൾക്ക് 14 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

മൽസ്യത്തൊഴിലാളികൾക്ക് വള്ളവും വലയും വാങ്ങുന്നതിന് നീക്കിവച്ചിട്ടുള്ള തുക

1559. [2327] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യത്തൊഴിലാളികൾക്ക് ഈ വർഷം പുതുതായി വള്ളവും വലയും മറ്റ് മൽസ്യ ബന്ധന ഉപകരണങ്ങളും വാങ്ങിക്കൊടുക്കുന്നതിന് എന്തുതുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് ;

(ബി) അതിൽ എത്രപേർക്ക് എന്ത് തുകയ്ക്ക് ഇവ വാങ്ങിക്കൊടുത്തു എന്നും ബാക്കി എന്ത് തുക ഉണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 40 ലക്ഷം രൂപ. (രൂപ നാൽപ്പത് ലക്ഷം മാത്രം)

(ബി) ഈ തുകയിൽനിന്നും ഇതുവരെ ചെലവ് വന്നിട്ടില്ല.

മൽസ്യത്തൊഴിലാളികൾക്ക് നഷ്ട പരിഹാരം

1560. [2328] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യത്തൊഴിലാളികൾ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ ആപത്തിൽ പെടുന്നവർക്കും മരിച്ചവരുടെ കുടുംബത്തിനും നഷ്ടപരിഹാരം കൊടുക്കാൻ എത്ര തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് ;

(ബി) അതിൽ എത്ര തുക ബാക്കിയുണ്ട് ;

(സി) എത്ര പേർക്ക് അത്തരം ധനസഹായം നൽകിയിട്ടുണ്ട് ;

(ഡി) ഇനി എത്ര തുക ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതിലേയ്ക്കായി ബഡ്ജറ്റിൽ പ്രത്യേകം തുകയൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 1986-87 സാമ്പത്തിക വർഷത്തിൽ മൊത്തം 459 പേർക്ക് മൽസ്യഫെഡിന്റെയും വെൽഫയർ ഫണ്ട് ബോർഡിന്റെയും സ്വന്തം ഫണ്ടിൽനിന്നും ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) 'എ' വിഭാഗത്തിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly